(എ) കേരള കലാമണ്ഡലത്തെ ഒരു കൽപ്പിത സർവ്വകലാശാലയായി (ഡീംഡ് യൂണിവേഴ്സിറ്റി) മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കേരള കലാമണ്ഡലം ഒരു കല്പിത സർവ്വകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) ആക്കണമെന്ന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരും യൂണിവേഴ്സിറ്റി ഗ്രാന്റ് സ് കമ്മീഷനുമാണ്.

അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂൾ മാനേജർമാരുടെയും അദ്ധ്യാപകരുടേയും രക്ഷകർത്താക്കളുടേയും നിവേദനങ്ങൾ

14 (1211) ശ്രീ. ഉമ്മൻ ചാണ്ടി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അംഗീകാരമില്ലാത്ത അൺ എയിഡഡ് സ്കൂളുകളിലെ മാനേജർമാരുടെയും അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും നിവേദനങ്ങൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിവേദനങ്ങളിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) ഇതു സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ചുതന്നെ കുട്ടികളെ വാർഷിക പരീക്ഷയെഴുതിക്കാനും വിദ്യാർത്ഥികൾക്ക് ടി.സി. നൽകാനും അനുവാദം നൽകണ മെന്നതായിരുന്നു ആവശ്യം.

(സി&ഡി) 1999-2000 അദ്ധ്യയന വർഷം മുതൽ അംഗീകാരമില്ലാത്ത സ്കൂളുകളിൽ വച്ചുതന്നെ കുട്ടികളെ വാർഷികപ്പരീക്ഷയെഴുതിക്കാൻ അനുവാദം നൽകേണ്ടതില്ല എന്ന് പത്രക്കുറിപ്പുകൾ സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. ഈ സാഹചര്യത്തിൽ നിവേദനങ്ങളിലെ ആവശ്യത്തിൻമേൽ പ്രത്യേക നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) കെ.ഇ.ആർ. പ്രകാരം 4-ാം സ്റ്റാൻഡേർഡുവരെ പ്രൈവറ്റ് സ്റ്റഡി അനുവദിക്കുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ.82/98/പൊ.വി.തീയതി : 6-1-1998 പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകളിൽ 4, 5, 6 ക്ലാസ്സുകളിൽ പ്രൈവറ്റ് സ്റ്റഡിയായി പഠിക്കുന്ന കുട്ടികൾക്ക് അടുത്തുള്ള സർക്കാർ/എയിഡഡ് സ്കൂളുകളിൽ വാർഷികപ്പരീക്ഷയ്ക്കിരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly